**സർവ്വശിക്ഷാ അഭിയാൻ**

ഗവ. ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ട്
തിരുവല്ല, പത്തനംതിട്ട -689101
ഫോൺ: 0469 2600167, E-mail :
ssapta03@gmail.com

# 'ഭരണഭാഷ - മാതൃഭാഷ'

പ്രേഷിതൻ

എല്ലാ ഡി.ഇ.ഒ./എ.ഇ.ഒ/
ബി.പി.ഒമാർക്കും.

## <u>വായനാദിനവും വായനാവാരവും</u>

ശ്രീ. പി.എൻ. പണിക്കരുടെ അനുസ്മരണാർത്ഥം ജൂൺ 19ന് വായനാദിനമായി ആഘോഷിക്കാൻ സംസ്ഥാനസർക്കാർ തീരുമാനിച്ചിരിക്കുന്നു. ജൂൺ 19 മുതൽ ജൂൺ 25 വരെ വായനാവാരമായും ആഘോഷിക്കേണ്ടതുണ്ട്. ജില്ലാതലത്തിൽ ബഹു. കളക്ടർ അധ്യക്ഷയായി ഒരു സംഘാടകസമിതി 14.06.2017ന് ഇതിനായി രൂപീകരിച്ചു കഴിഞ്ഞു. ഇതന്റെ വിജയകരമായ നടത്തിപ്പിന് വിദ്യാഭ്യാസ വകുപ്പിനും മുഖ്യചുമതലയാണ് ഏല്പിക്കപ്പെട്ടിട്ടുള്ളത്. ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് വായനാദിനവും വായനാവാരാഘോഷവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ്, സർവശിക്ഷാ അഭിയാൻ എന്നിവയുടെ നേതൃത്വത്തിൽ നടക്കേണ്ടത്.

1) ജില്ലയിലെ എല്ലാ സ്കൂളുകളിലും പ്രത്യേക അസംബ്ലി ചേർന്ന് വായനാദിനപ്രതിജ്ഞ ചൊല്ലാൻ നടപടി സ്വീകരിക്കൽ. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ വായനാനുഭവം പങ്കുവയ്ക്കലും അസംബ്ലിയിൽ ഉണ്ടാവണം.

2) യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറിതലങ്ങളിൽ ചിത്രരചന (പെൻസിൽ), കവിതാലാപനം, ക്വിസ് എന്നിവ സംഘടിപ്പിക്കൽ.

ചുവടെ പറയുന്ന പ്രകാരമാകണം മത്സരങ്ങൾ സംഘടിപ്പിക്കേണ്ടത്.

a) യു.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറിതലങ്ങളിൽ പ്രത്യേകമായി വേണം മത്സരങ്ങൾ നടത്തേണ്ടത്.

b) സ്കൂൾതലമത്സരങ്ങളിൽ വിജയിച്ച ഓരോ കുട്ടിയെ (ഓരോ ഇനത്തിലും) ഉപജില്ലാ തല മത്സരത്തിൽ പങ്കെടുപ്പിക്കാം. ഉപജില്ലയിൽ നിന്നും ഓരോ കുട്ടിയെ ജില്ലാതലമത്സര ത്തിൽ പങ്കെടുപ്പിക്കാം (ഓരോ ഇനത്തിലും, ഓരോ തലത്തിലും). സ്കൂൾതല മത്സരങ്ങൾ 2017 ജൂൺ 19-ാം തീയതി ഉച്ചയ്ക്ക് ശേഷവും, ഉപജില്ലാതലം ജൂൺ 22-ാം തീയതിയും, ജില്ലാതലം ജില്ലാതലം 24-ാം തീയതിയിലുമാണ് നടത്തേണ്ടത്.

c) ഉപജില്ലയിൽ നിന്നും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് സർട്ടിഫി ക്കറ്റുകൾ വിതരണം ചെയ്യും. ജില്ലാതലമത്സരത്തിലെ വിജയികൾക്ക് വായനവാരാചരണ ത്തിന്റെ സമാപനസമ്മേളനത്തിൽ വച്ച് (അടൂർ ഗവ. ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ) സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും വിതരണം ചെയ്യുന്നതാണ്.

d) ചിത്രചന (പെൻസിൽ)- 1 മണിക്കൂർ; കവിതാലാപനം - 10 മിനിറ്റ് എന്നിങ്ങനെ ഓരോ കുട്ടിയ്ക്കും സമയം അനുവദിക്കാവുന്നതാണ്.

e) സ്കൂൾതലത്തിൽ മത്സരപരിപാടികൾ സംഘടിപ്പിക്കാനുള്ള മുഖ്യചുമതല പ്രഥമാധ്യാപകർക്കായിരിക്കും. ഉപജില്ലാതലത്തിൽ എ.ഇ.ഒമാർക്കും, ബി.പി.ഒമാർക്കുമായിരിക്കും ചുമതല ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉപഡയറ്കടർക്കും, എസ്.എസ്.എ ജില്ലാപ്രോജക്ട് ഓഫീസർമാർക്കുമാണ് മുഖ്യചുമതല. എ.ഇ.ഒ (പത്തനംതിട്ട & അടൂർ), ബി.പി.ഒ. (പത്തനംതിട്ട & അടൂർ), ഡി.ഇ.ഒമാർ, ജില്ലാ പ്രോഗ്രാം ഓഫീസർമാർ എന്നിവർ ജില്ലാതലത്തിൽ സംഘാടനത്തിൽ സഹായിക്കേണ്ടതുണ്ട്.

f) പരിസ്ഥിതി, സാഹിത്യം എന്നീ മേഖലകളുമായി ബന്ധപ്പെട്ടു വേണം മത്സര ഇനങ്ങളുടെ ഉള്ളടക്കം തീരുമാനിക്കാൻ.

g) ആവശ്യമായ ജഡ്ജസിനെ അതത് തലങ്ങളിൽ (യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി) ചുമതലയുള്ളവർ കണ്ടെത്തണം. ഒരു ഇനത്തിൽ 3 ജഡ്ജസ് എങ്കിലും ഉണ്ടാകണം.

h) ജില്ലാതല മത്സരങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുവിവരങ്ങൾ 23-ാം തീയതി തന്നെ മുഖ്യചുമതലക്കാർക്ക് കൈമാറേണ്ടതാണ്.

i) പ്രാദേശിക ഗ്രന്ഥശാലഭാരവാഹികളെ/ കൗൺസിൽ അംഗങ്ങളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് പരിപാടികൾ സംഘടിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

j) ഉപജില്ലാ/ബി.ആർ.സിതല മത്സരകേന്ദ്രങ്ങൾ മുൻകൂട്ടി തീരുമാനിക്കണം. അവയുടെ വിശദാംശങ്ങൾ എസ്.എസ്.എ ഗൂഗിൾ ഡ്രൈവിൽ ചേർക്കണം. ബി.പി.ഒമാർ ഇക്കാര്യത്തിൽ ശ്രദ്ധിക്കണം.

k) വായനാദിനവും വാരാഘോഷവും സംബന്ധിച്ച അറിയിപ്പുകൾ ഉടൻതന്നെ സ്കൂളുകൾക്ക് നൽകണം.

(ഒപ്പ്) (ഒപ്പ്)

**രവിശങ്കർ എസ്.**
വിദ്യാഭ്യാസ ഉപഡയറക്ടർ
പത്തനംതിട്ട

**ആർ. വിജയമോഹനൻ**
ജില്ലാ പ്രോജക്ട് ഓഫീസർ
എസ്.എസ്.എ, പത്തനംതിട്ട